പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.652 02.11.2016 - ലെ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ. വി.കെ.സി. മമ്മത് കോയ
ശ്രീ. ജോർജ്. എം. തോമസ്
ശ്രീ. വി.അബ്ദുറഹിമാൻ
ശ്രീ. എം. മുകേഷ്

ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

നിഷ്ക്രീയ ആസ്തികളിൻമേലുള്ള നിക്ഷേപം

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവാസി കേരളീയർ ഉൾപ്പെടെയുള്ള വരുടെ സമ്പാദ്യം നിക്ഷേപ മാക്കി മാറ്റുന്നതിനു സാധിക്കാതെ പോയതിന്റെ കാരണങ്ങൾ എന്തൊക്കെ യെന്ന് അറിയിക്കാമോ; നിഷ്ക്രീയ ആസ്തികളിലുള്ള നിക്ഷേപം സമ്പദ്ഘടനയിൽ ഉണ്ടാക്കിയ പ്രത്യാഘാതം എന്തൊക്കെ യാണെന്ന് വ്യക്തമാക്കാമോ; | പ്രവാസി കേരളീയർ വർഷം തോറും സംസ്ഥാനത്തേയ്ക്ക് അയക്കുന്ന സമ്പാദ്യം സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ ഒരു ഗണ്യമായ ശതമാനം വരും. എന്നാൽ ഈ പണം സംസ്ഥാനത്തിന്റെ ഉത്പാദന, സേവന മേഖലകളിലടക്കം ക്രിയാത്മകമായി വഴിതിരിച്ച് വിട്ട് സംസ്ഥാനത്തിന്റെ പൊതുവായ വികസനത്തിനുതകുന്ന ഒരു ചാലക ശക്തിയാക്കി മാറ്റുവാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല എന്നതൊരു വസ്തുതയാണ്. ഇതിന് പല കാരണങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനം പ്രവാസികളുടെ ആത്മവിശ്വാസം ആർജ്ജിക്കുവാൻ കഴിയുന്ന നിക്ഷേപ സൗഹൃദ സാഹചര്യം സൃഷ്ടിക്കുവാൻ കഴിഞ്ഞില്ല എന്നതു തന്നെയാണ്.കൂടാതെ പ്രവാസികൾ ആഗ്രഹിക്കുന്ന തരത്തിൽ തങ്ങളുടെ സമ്പാദ്യം സുരക്ഷിതമായും എന്നാൽ മൂല്യവർദ്ധനവ് നൽകുന്നതുമായ വ്യവസായ സംരഭങ്ങളിൽ നിക്ഷേപിക്കുവാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിച്ച് വിജകരമായി നടപ്പിലാക്കുവാനും സാധിച്ചിട്ടില്ല.<br>മേൽ വിവരിച്ച കാരണങ്ങളോടൊപ്പം വ്യവസായത്തിന് യോഗ്യമായ ഭൂമിയുടെ ദൗർലഭ്യം, നിലവാരമുള്ള ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത, നിയമങ്ങളുടെയും ചട്ടങ്ങളുടെയും സങ്കീർണ്ണത, വൈദ്യുതി, മറ്റ് ഊർജ്ജ സ്രോതസ്സുകളുടെ ലഭ്യതകുറവ്, മികച്ച റോഡ്, പാലം, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ആരോഗ്യം, വിദ്യാഭ്യാസ രംഗങ്ങളിലടക്കമുള്ള വിദഗ്ദരുടെ കൊഴിഞ്ഞുപോക്ക് എന്നിവയും |
| (ബി) | ഭൂമിവിലയിലും കൂലി നിരക്കിലും ഉണ്ടായ വർദ്ധനവിന്റെ കാരണങ്ങൾ എന്തൊക്കെ യാണെന്നും അത് കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലുമുണ്ടാക്കിയ സ്വാധീനം എന്തൊക്കെ യാണെന്നും വിശകലനം ചെയ്തിട്ടുണ്ടെങ്കിൽ വിശദമാ ക്കാമോ; | |

| | | |
|---|---|---|
| | | പ്രവാസി കേരളീയരുടെ നിക്ഷേപം സംസ്ഥാനത്തിന് പ്രയോജനപ്രദമാക്കുന്ന രീതിയിൽ വിനിയോഗിക്കുന്നതിൽ തടസമായി തീർന്നിട്ടുണ്ട്.<br>പ്രവാസികളുടെ പണം മുഖ്യമായും ചെലവഴിക്കപ്പെട്ടത് ഭൂമി, കെട്ടിടനിർമ്മാണം, സ്വർണ്ണം, വസ്ത്രം, മറ്റ് ഉപഭോഗ വസ്തുക്കളിലും വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം ഉൾപ്പെടെയുള്ള സേവന മേഖലകളിലുമായിരുന്നു. തത്ഫലമായി, ഭൂമി, നിർമ്മാണ സാമഗ്രികൾ, മറ്റ് ഉപഭോഗ വസ്തുകൾ എന്നിവയുടെ വില വർദ്ധിക്കുന്നതിനും നിർമ്മാണ മേഖലയിലടക്കം കൂലി നിരക്ക് ഉയരുന്നതിനും ഇടയാക്കിയിട്ടുണ്ട്. ആയതിന്റെ അനന്തരഫലങ്ങൾ കാർഷിക, വ്യാവസായിക മേഖലകളിൽ പ്രതിഫലിച്ചിട്ടുണ്ട്.<br>തൊഴിൽ പരമായ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിലുണ്ടായ ഗണ്യമായ വർദ്ധന വിദേശത്ത് തൊഴിൽ തേടുന്നതിനും മുകളിൽ പ്രതിപാദിച്ച വൈദഗ്ദ്യമുള്ള തൊഴിലാളികളുടെ കുറവ് നികത്തുന്നതിനും ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. തൊഴിൽ ഇല്ലായ്മയുടെ തോത് കുറയ്ക്കുന്നതിനും ദാരിദ്ര്യ നിർമാർജ്ജനത്തിലും പ്രവാസികളുടെ നിർമ്മാണപ്രവൃത്തികളിലടക്കമുള്ള ചെലവഴിക്കൽ നിർണായകമായ പങ്ക് വഹിച്ചിട്ടുള്ളതാണ്.<br>ജനങ്ങളുടെ പൊതുവായ ജീവിത നിലവാരം ഉയർത്തുന്നതിനും വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം എന്നീ മേഖലകളിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ പ്രവാസികളുടെ സമ്പാദ്യം ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. |
| (സി) | സമ്പാദ്യങ്ങളെ ഉല്പാദനമേഖലകളിലേക്ക് വഴിതിരിച്ചു വിട്ട് സമ്പദ്ഘടനയെ ഉത്തേജിപ്പിക്കാനായി പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | സംസ്ഥാനത്തിന് താരതമ്യേന മത്സരക്ഷമതയുള്ള പുതുവളർച്ചാ മേഖലകളിലെ നിക്ഷേപം ആകർഷകമാക്കുന്നതിനുള്ള അടിസ്ഥാന ഇടപെടലുകൾക്കാണ് ഈ സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് ഗണ്യമായ പൊതുമുതൽ മുടക്ക് നടത്തി അതുവഴി ഈ പുതുവളർച്ചാ മേഖലകളിൽ നിക്ഷേപം ആകർഷിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 'കിഫ്ബി' മുഖാന്തിരം പശ്ചാത്തല സൗകര്യ വികസനത്തിനായി നടത്തുന്ന ധന സമാഹരണത്തിലും പ്രവാസികളെ പങ്കാളികളാക്കാനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്. |

| | | |
|---|---|---|
| | | വ്യവസായ, കാർഷിക വികസന പാർക്കുകളിൽ അടിസ്ഥാന സൗകര്യമൊരുക്കി പ്രവാസി നിക്ഷേപമടക്കം നിക്ഷേപത്തെ ആകർഷിക്കുക എന്നതും സർക്കാർ ലക്ഷ്യമാണ്. പ്രവാസി കേരളീയരുടെ സമ്പാദ്യം പ്രയോജനപ്രദമമായ രീതിയിൽ തിരിച്ചുവിടുന്നതിനും സംസ്ഥാനത്ത് പ്രവാസി കേരളീയരുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ എന്ന പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്.<br>വരും വർഷങ്ങളിൽ സർക്കാർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായ പാർക്കുകളിലും മറ്റ് നിക്ഷേപ സംരംഭങ്ങളിലും പ്രവാസികൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. അടിസ്ഥാന സൗകര്യ വികസനം, ഉത്പാദനം, ഗതാഗതം എന്നീ മേഖലകളിൽ സാങ്കേതിക വിദ്യയുടെ നവീകരണം,പുതിയ തൊഴിൽ സൃഷ്ടി എന്നിവ സാദ്ധ്യമാക്കുന്ന ലോകോത്തര നിലവാരമുള്ള വൻ പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് നടപ്പിലാക്കുന്ന ഇത്തരം പദ്ധതികളിൽ പ്രവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി മുന്നോട്ട് പോകുവാനാണ് നിലവിലെ സർക്കാരിന്റെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ